**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2354** **12-02-2024 - ൽ മറുപടിയ്ക്ക്**

**ഒപ്പം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | ഭക്ഷ്യ പൊതുവിതരണ വകുപ്പ് നടപ്പിലാക്കുന്ന ഒപ്പം പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ; | (എ) | വാർദ്ധക്യവും രോഗങ്ങളും കാരണം സാധനങ്ങൾ വാങ്ങാൻ റേഷൻ കടകളിൽ എത്താൻ കഴിയാത്ത അങ്ങേയറ്റം ദരിദ്രരായ കുടുംബങ്ങൾക്ക് ഓട്ടോ റിക്ഷ തൊഴിലാളികളുടെ കൂട്ടായ്മയുമായി സഹകരിച്ച് റേഷൻ വിഹിതം വീട്ടുകളിൽ എത്തിക്കുന്നതിനാണ് 'ഒപ്പം' പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. ഓട്ടോ തൊഴിലാളികളുടെ സമ്പൂർണ്ണ പങ്കാളിത്തത്തോടുകൂടി നടപ്പിലാക്കുന്ന പദ്ധതിയിലൂടെ ഉണഭോക്താക്കൾക്ക് അവരുടെ റേഷൻ വിഹിതം എല്ലാ മാസവും 10 ന മുമ്പ് സൗജന്യമായി വീട്ടിൽ എത്തിക്കും. 2023 ഫെബ്രുവരി 13 ന് തൃശ്ശൂർ ജില്ലയിൽ ആരംഭിക്കുകയും തുടർന്ന് എല്ലാ ജില്ലകളിലേക്കും പദ്ധതി വ്യാപിപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി വഴി എത്രപേർക്ക് റേഷൻ നൽകാൻ സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ബി) | 849 ഉണഭോക്താക്കൾക്കുള്ള റേഷൻ വിഹിതം വീടുകളിൽ എത്തിച്ചു നൽകാൻ സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ